ശ്രീ. ടി. കെ. അറുമുഖൻ : ഏഴിനപരിപാടിയനുസരിച്ച് ഇടതുപക്ഷ ഗവൺമെൻറിൻെറ കാലത്ത് കമ്മ്യൂണിറ്റിഹാൾ, ശ്മശാനം, കളിസ്ഥലം ഇതെല്ലാം നിർമ്മിക്കാൻ പരിപാടിയുണ്ടായിരുന്നു. ആ പരിപാടി പൂർത്തിയാക്കാൻ ആവശ്യമായ സാമ്പത്തിക സഹായം നൽകുമോ ?

ശ്രീ. സി. എം. സുന്ദരം : പൂർത്തിയാകാതെ കിടക്കുന്ന അത്തരം കെട്ടിടങ്ങൾക്ക്, പ്രത്യേക പരിഗണനകൊടുക്കും.

ശ്രീ. ടി. കെ. അറുമുഖൻ : പുതിയ വല്ല പദ്ധതിയും നടപ്പിലാക്കാൻ ആവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ടോ ; കൊടുക്കാൻ തീരുമാനിക്കുമോ ?

ശ്രീ. സി. എം. സുന്ദരം : ഏഴിനപരിപാടിയിൽ ഇപ്പോഴും പുതിയ പദ്ധതികളും ഒന്നും ഉണ്ടായിട്ടില്ല.

ശ്രീ. വി. വി. ജോസഫ് : സർക്കാരിൽ നിന്നും നൽകുന്ന റോഡ് മെയിൻറനൻസ് ഗ്രാൻറ് ഉപയോഗിച്ച് പഞ്ചായത്തുകളും റോഡുകളും മെയിൻറനൻസ് നടത്തിക്കൊണ്ടിരുന്നതാണ്. എന്നാൽ ഇപ്പോൾ പഞ്ചായത്തിലെ ഒരു പ്രധാന റോഡ് മാത്രം മെയിൻറനൻസ് നടത്തിയാൽ മതി, ബാക്കിയൊന്നും നടത്തേണ്ട എന്നുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ടോ, അങ്ങനെ നിർദ്ദേശം കൊടുത്തിട്ടുണ്ടെങ്കിൽ അത്യാവശ്യം മെയിൻറനൻസിന് അനുവാദം നൽകുമോ ?

ശ്രീ. സി. എം. സുന്ദരം : ഇപ്പോഴും റോഡുകളും മോശമായി കിടക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ പറയുകയാണെങ്കിൽ പണത്തിൻെറ ലഭ്യതക്കുറവുകൊണ്ട് അവർക്ക് കിട്ടേണ്ടതുക കിട്ടാതെപോയിട്ടുണ്ടാകാം, ചില സ്ഥലങ്ങളിൽ നോക്കാൻ ആളില്ലാതെവരാം. അതെല്ലാം ഒറ്റപ്പെട്ട സംഭവങ്ങളായിട്ടാണ് തോന്നുന്നത്. വിവരം കിട്ടിയാൽ പ്രത്യേകമായി ശ്രദ്ധിക്കാം.

മൽസ്യബന്ധന ബോട്ടുകൾക്ക് കേന്ദ്രം അനുവദിക്കുന്ന മണ്ണെണ്ണ

* 280. [301] ശ്രീ. സി. കെ. ചക്രപാണി :

,, എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മൽസ്യബന്ധന ബോട്ടുകൾക്ക് കേന്ദ്രം അനുവദിക്കുന്ന മണ്ണെണ്ണ സംസ്ഥാനത്തെ എത്ര ബോട്ടുകൾക്ക് നൽകാൻ കഴിയും ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

7 എച്ച്. പി. യുള്ള യന്ത്രങ്ങൾ ഘടിപ്പിച്ച നാലായിരത്തോളം മൽസ്യബന്ധന ബോട്ടുകൾക്ക് നൽകാൻ കഴിയും.

ശ്രീ. എം. വി. രാഘവൻ : മൊത്തം എത്ര ബോട്ടുണ്ട് ; ആ ബോട്ടുകൾക്ക് അത് തികയുമോ ; എങ്ങനെയാണ് വിതരണക്രമം ?

ശ്രീ. എ. എൽ. ജേക്കബ് : ഏഴായിരത്തിൽപരം ബോട്ടുകളാണ് ഉള്ളത്.

ശ്രീ. എം. വി. രാഘവൻ : മണ്ണെണ്ണ വിതരണം എല്ലാ സ്ഥലത്തും ഒരുപോലെയാണോ നടക്കുന്നത് ; അല്ലെങ്കിൽ എല്ലാ സ്ഥലത്തും ഒരുപോലെ നടത്താൻ തയ്യാറാകുമോ ?

ശ്രീ. എ. എൽ. ജേക്കബ് : അത് ഹോഴ്സ് പവർ അനുസരിച്ചാണ് കൊടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ദിനകരൻ : കഴിഞ്ഞ സെപ്റ്റംബർ 26-ാം തീയതി കേരളത്തിൽ വച്ചുകൂടിയ സെൻട്രൽ ഫിഷറീസ് ബോർഡ് കേരളത്തിലെ പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ ഔട്ട് ബോർഡ് എൻജിനു് മണ്ണെണ്ണയുടെ വിഹിതം വർദ്ധിപ്പിച്ചു് തരണമെന്നു് കേന്ദ്ര പെട്രോളിയം വകുപ്പിനോടു് ശുപാർശ ചെയ്യാൻ തീരുമാനിക്കുകയുണ്ടായി. അതിന്റെ പശ്ചാത്തലത്തിൽ മണ്ണെണ്ണയുടെ വിഹിതം കൂട്ടിത്തരാൻ വല്ല നടപടികളും ,കേന്ദ്രഗവൺമെന്റിൽ നിന്നുണ്ടായിട്ടുണ്ടോയെന്നു് വ്യക്തമാക്കാമോ ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) : പ്രതിമാസം ആയിരം കിലോ ലിറ്റർ മണ്ണെണ്ണയാണു് മൽസ്യബന്ധനമേഖലയ്ക്കു് കേന്ദ്ര സർക്കാരിൽ നിന്നു് അനുവദിച്ചുകിട്ടിക്കൊണ്ടിരിക്കുന്നതു്. ഈ ഒക്ടോബറിൽ 1557 കിലോ ലിറ്റർ മണ്ണെണ്ണ, അതായതു് 1212 മെട്രിക് ടൺ കൂടി സംസ്ഥാന ഗവൺമെന്റിനു് അനുവദിച്ചു കിട്ടിയതിൽ 750 കിലോ ലിറ്റർ മൽസ്യബന്ധനമേഖലയ്ക്കു് അനുവദിക്കുകയുണ്ടായിട്ടുണ്ടു്. കേന്ദ്രത്തിൽ നിന്നു് കിട്ടുന്ന ആയിരം കിലോ ലിറ്റർ സംസ്ഥാനകോട്ടയിൽ നിന്നുള്ള 500 കിലോ ലിറ്റർ കൂടി ചേർത്തു് 1,500 കിലോ ലിറ്റർ മണ്ണെണ്ണയാണു് പ്രതിമാസം മൽസ്യബന്ധനമേഖലയ്ക്കു് നൽകുന്നതു്.

പഞ്ചായത്തുകളിൽ മിനി സ്റ്റേഡിയം

* 281. [302] ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
,, കെ. മുഹമ്മദാലി :
,, ജോസ് കുറിയാനി :
,, കെ.കെ. ശ്രീനിവാസൻ :
,, പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴിന പരിപാടി അനുസരിച്ചു് പഞ്ചായത്തുകളിൽ മിനി സ്റ്റേഡിയം ഉണ്ടാക്കുന്നതിനു് എന്തെല്ലാം നടപടികളും സ്വീകരിച്ചു ;

(ബി) ഏത്ര പഞ്ചായത്തുകളിൽ ഇതിനാവശ്യമായ സ്ഥലമെടുപ്പു് ജോലികളും പൂർത്തിയായി ;

(സി) സ്റ്റേഡിയം പണി എപ്പോൾ ആരംഭിക്കാൻ കഴിയും ?

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി.എം. സുന്ദരം) :

(എ) ഈ പരിപാടി അനുസരിച്ചു് 14 ജില്ലകളിലായി 217 പഞ്ചായത്തുകളെ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിനു് തെരഞ്ഞെടുക്കുകയും അതിൽ 67 പഞ്ചായത്തുകളിൽ പണി പൂർത്തിയാക്കുകയും ചെയ്തു. 91 പഞ്ചായത്തുകളിൽ പണി നടന്നുവരുന്നു. 59 പഞ്ചായത്തുകളിൽ ഇതുവരെയും പണി തുടങ്ങിയിട്ടില്ല. 217 പഞ്ചായത്തുകൾക്കും ഇതിലേക്കായി ഏഴിന പരിപാടിയിൽ ഗ്രാന്റ് നൽകിയിട്ടുണ്ടു്.

(ബി) 158 പഞ്ചായത്തുകളിൽ.

(സി) പഞ്ചായത്തുകളിൽ സ്റ്റേഡിയത്തിനു് സ്ഥലം ലഭ്യമാകുന്നതിനനുസരിച്ചു് പണി ആരംഭിക്കുന്നതാണു്.

ശ്രീ. പി. പി. തങ്കച്ചൻ : പണി തുടങ്ങാത്ത പഞ്ചായത്തുകളിൽ സ്ഥലം കിട്ടാഞ്ഞതിന്റെ കുഴപ്പം മാത്രമാണോ അതോ സാമ്പത്തിക ബുദ്ധിമുട്ടുകളും കൊണ്ടാണോ എന്നു വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly